LIBRARY ARCHIVES Kerala Legislative Assembly

പുക പരിശോധന ടെസ്റ്റ് നിരക്കുകൾ

136 [3145] ശ്രീ. സി. ടി അഹമ്മദ് അലി:
,, സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. മോയിൻകുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുക പരിശോധന ടെസ്റ്റ് നടത്തുന്നതിനുള്ള നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോതരം വാഹനത്തിനും നിരക്ക് വർദ്ധന എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ടൂ വീലർ ഒഴികെയുള്ള വാഹനങ്ങളിൽ പുക പരിശോധന നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോതരം വാഹനങ്ങൾക്കും നിലവിലുണ്ടായിരുന്നതും പുതുക്കിയതുമായ നിരക്കുകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) രജിസ്റ്റർ ചെയ്ത് ഒരു വർഷം കഴിഞ്ഞ എല്ലാ വാഹനങ്ങൾക്കും പുക പരിശോധന നിർബന്ധമാണ്.

ഓട്ടോറിക്ഷകളിൽ ഇലക്ട്രോണിക്സ് മീറ്ററുകൾ സ്ഥാപിക്കുന്നതിന് നടപടി

137 [3146] ശ്രീ. കെ.പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഓട്ടോറിക്ഷകൾക്ക് സർവ്വീസ് നടത്തുന്നതിന് പെർമിറ്റ് നൽകിയിട്ടുണ്ട്;

(ബി) ഓട്ടോറിക്ഷകളിൽ മീറ്റർ വയ്ക്കണമെന്നത് നിർബന്ധമായി നടപ്പിലാക്കണമെന്ന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) നിലവിലുള്ള ഓട്ടോറിക്ഷകളിലെ മെക്കാനിക്കൽ മീറ്ററുകൾക്കുപകരം ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ;

(ഡി) മെക്കാനിക്കൽ മീറ്ററിന്റെ വില എത്ര; ഇലക്ട്രോണിക് മീറ്ററിന്റെ വില എത്രയാണ്;

(ഇ) മീറ്റർ മാറ്റി സ്ഥാപിക്കുന്നതിലൂടെ വരുന്ന അധിക ചാർജ്ജ് സർക്കാർ വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 31-3-2004 വരെ 285,155 എണ്ണത്തിന്.

(ബി) ഉണ്ട്.

(സി) 1-4-2004-നുശേഷം രജിസ്റ്റർ ചെയ്യുന്ന സംസ്ഥാനത്തെ എല്ലാ ഓട്ടോറിക്ഷകൾക്കും ഇലക്ട്രോണിക് മീറ്റർ നിർബന്ധമാക്കിയിട്ടുണ്ട്. 1-4-2004-ന് മുൻപ് രജിസ്റ്റർ ചെയ്ത ഓട്ടോറിക്ഷകൾക്ക് 31-12-2004-നുശേഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിന് ഹാജരാക്കുമ്പോൾ ഇലക്ട്രോണിക് മീറ്റർ ഘടിപ്പിക്കുവാൻ ഉത്തരവിറക്കിയിട്ടുണ്ട്.

(ഡി) മീറ്ററുകളുടെ വില ഗതാഗത വകുപ്പിൽ ലഭ്യമല്ല.

(ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

ജലഗതാഗത വകുപ്പിന്റെ നഷ്ടം കുറയ്ക്കാൻ പുതിയ പദ്ധതി

138 [3147] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലഗതാഗത വകുപ്പിന്റെ ഇപ്പോഴത്തെ നഷ്ടം കുറയ്ക്കാൻ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിക്കുന്നുണ്ടോ;

(ബി) കാർഗോ സർവ്വീസിൽകൂടി ജലഗതാഗത വകുപ്പിന്റെ നഷ്ടം കുറയ്ക്കാമെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ജട്ടികളിൽ കാർഗോ സർവ്വീസിനുവേണ്ട അനുബന്ധ സൗകര്യങ്ങൾ ഒരുക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പാസഞ്ചർ സർവ്വീസിൽ ടിക്കറ്റ് നിരക്ക് കാലാനുസൃതമായി പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ജെട്ടിയിൽ ഇറക്കുന്ന സാധനങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗൺ നിർമ്മിക്കാനും ജെട്ടികളുടെ ആഴം വർദ്ധിപ്പിക്കാനും സാധനങ്ങൾ കയറ്റി ഇറക്കുന്നതിന് മാൻപവർ കൂടാതെ ചെറിയ ഇനം ക്രെയിൻ സംവിധാനം ഏർപ്പെടുത്താനും ഇന്ധനങ്ങളുടെ സ്റ്റോറേജിന് സ്ഥലസൗകര്യം കൊടുക്കാനും ഉദ്ദേശ്യമുണ്ട്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly